പതിമൂന്നാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 682

01/12/2015- ൽ മറുപടി
പറയേണ്ടിയിരുന്നത്.

**പട്ടികജാതിയിൽപ്പെട്ടവർക്ക് വിദേശ തൊഴിൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.എം. മാണി എം.എൽ.എ** | | **ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
| (എ) പട്ടികജാതിയിൽപ്പെട്ട യുവതി-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിലേക്ക് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ പൂർണ്ണ വിവരം വ്യക്തമാക്കാമോ; | (എ) | പട്ടികജാതിവിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവതീ യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടുന്നതിനുള്ള ചെലവുകൾ നേരിടുന്നതിനായി 50,000/-രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പദ്ധതിയ്ക്കായി നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പദ്ധതി അനുസരിച്ച് നാളിതുവരെ പട്ടികജാതിയിൽപ്പെട്ട എത്ര യുവതി യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്? | (ബി) | പ്രസ്തുത പദ്ധതി പ്രകാരം 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ നാളിതുവരെ ആകെ 353 പേർക്ക് ധനസഹായം അനുവദിക്കുക വഴി വിദേശത്ത് തൊഴിൽ നേടാൻ സാധിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

1. വിദേശത്ത് തൊഴിൽ ചെയ്യാൻ താൽപര്യമുള്ള പട്ടികജാതി യുവതീ യുവാക്കൾ ആയിരിക്കണം .
2. വൈദഗ്ദ്യ ജോലിയ്ക്ക് (സ്കിൽ ലേബർ)പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും. കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ, അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ളവ ആയിരിക്കണം.
3. അപേക്ഷകർ ഇൻഡ്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.
4. വിദേശതൊഴിൽദാതാവിൽ നിന്നും ലഭിച്ചിട്ടുള്ള തൊഴിൽകരാർപത്രം,വിസ എന്നിവ ലഭിച്ചിരിക്കണം.
5. അംഗീകൃത ഏജൻസികൾ വഴി തൊഴിൽ കരാറും,വിസയും ലഭ്യമാക്കണം.
6. എമിഗ്രേഷൻ ആവശ്യമുള്ള പക്ഷം ആയത് നേടുന്നതിന് നടപടി സ്വികരിച്ചിരിക്കണം.
7. അവിദഗ്ദ തൊഴിൽ അവസരം നേടുന്നവരേയും പരിഗണിക്കും.
8. വാർഷികവരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതി പ്രകാരം പരിഗണിക്കും .
9. ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ടി ആനുകൂല്യത്തിന് അർഹതഉണ്ടായിരിക്കുകയുള്ളൂ.
10. അപേക്ഷകർ 20 നും 45നും മദ്ധ്യേ പ്രായമുള്ളവരായിരിക്കണം.
11. ഗുണഭോക്താക്കൾ നിയമാനുസൃതമായ പാസ്പോർട്ടിന്റെയും വിസയുടെയും സാക്ഷ്യ പ്പെടുത്തിയ പകർപ്പു സഹിതം അപേക്ഷിച്ചാൽ ടിക്കറ്റു ചാർജ്ജ് ഉൾപ്പെടെ 60% മുൻകൂറായി നൽകുന്നതാണ്. ODEPEC വഴി ടിക്കറ്റ് എടുക്കുന്നതിന് മുൻഗണന നൽകേണ്ടതാണ്. ODEPEC മുഖേന അല്ലാതെ യാത്ര പോകുന്നവർ പ്രസ്തുത സഹായംലഭിക്കുന്നതിന് അവർ യാത്ര പോകുന്ന തീയ്യതി/ആഴ്ചയിൽ ആ യാത്രാനിരക്ക് ODEPEC യുടെ യാത്രാ നിരക്കിന് സമാനമാണെന്നതിന് തെളിവ് നൽകേണ്ടതാണ്.
12. തൊഴിൽ കരാർ പ്രകാരം ഗുണഭോക്താവ് ജോലിയിൽ പ്രവേശിച്ചു എന്നത് സംബന്ധിച്ച രേഖ തൊഴിൽ ദാതാവ് ലഭ്യമാക്കുന്ന മുറയ്ക്ക് ധനസഹായത്തിന്റെ ബാക്കി തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുന്നതായിരിക്കും.

(signature)

സെക്ഷൻ ഓഫീസർ